# ഗവ എൽ പി സ്കൂൾ മാവിച്ചേരി

GOVT. L P SCHOOL MAVICHERY
GLPS MAVICHERY

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



# ACADEMIC MASTERPLAN

## STD I

CLASS TEACHER- VINITHA·VATTAPARA

## MAVICHERI GLP SCHOOL

2025-26

# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ ഭാഷ വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, സ്വതന്ത്ര രചനകൾ, സംയുക്തഡയറി, ചിത്രപുസ്തകം, വിവിധ വ്യവഹാരരൂപങ്ങൾ എന്നീ മേഖലകളിൽ കുട്ടി കഴിവ് കൈവരിക്കേണ്ടതുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കൂടി കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും തീരുമാനിക്കേണ്ടതാണ്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഇടപെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും. തുടർ പ്രവർത്തന സാധ്യതകളുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത നൽകി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# ലക്ഷ്യങ്ങൾ:

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വന്തം വ്യവഹാരരൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് ഉയർത്തുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ നടത്തുന്നു.
- ഡിജിറ്റൽ സാധ്യതകൾ, വായനക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറു കഥാപുസ്തകം രൂപപ്പെടുത്തുന്നു.
-

# പ്രവർത്തനലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

* സർഗ്ഗശേഷികൾ കൈവരിക്കുന്നു.

* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാരരൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

* കുഞ്ഞു ചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

* സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് ചിത്രപുസ്തകം തയ്യാറാക്കുന്നു.

* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

# ജൂൺ

## പ്രവർത്തനങ്ങൾ:-

★ സചിത്രനോട്ട്ബുക്ക്, സചിത്ര അനുഭവം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.

★ സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

★ ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശിൽപശാല.

★ ആംഗ്യാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

# ജൂലൈ

## പ്രവർത്തനങ്ങൾ:-

★ സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ.

★ കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.

★ വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.

★ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.

★ പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

★ ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

★ അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

★ ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

## പ്രവർത്തനങ്ങൾ:

★ റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശിൽപശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ

★ ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.

★ സംയുക്തഡയറി എഴുതി തുടങ്ങുന്നു.

★ പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

★ ഭാഷാശേഷി വർധിപ്പിക്കുന്നതായി അക്ഷര പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.

★ രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

★ ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

★ ആശയഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

## പ്രവർത്തനങ്ങൾ:

★ സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.

★ സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.

★ ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

★ അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.

★ വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

★ കുട്ടികളെ സ്വതന്ത്ര രചിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

## പ്രവർത്തനങ്ങൾ:

★ വായനോത്സവം നടത്തുന്നു.

★ ആസ്വാദ്യകരമായ വായന നടത്തുന്നു.

★ ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.

★ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

★ ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാക്കുന്നു.

★ കുട്ടികവിതകൾ വായിച്ച് ആസ്വദിക്കാനും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാനും ചെയ്യുന്നു.

★ ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ:

## പ്രവർത്തനങ്ങൾ:

★ സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചിതാക്കൾ ആകുന്നു.

★ കൂട്ടുവായന, ഒറ്റവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

★ വായനോത്സവം തുടങ്ങുന്നു.

★ രചനോത്സവം തുടങ്ങുന്നു.

★ പത്രവായനയ്ക്ക് അവസരം ഒരുക്കൽ.

★ താളാത്മകമായി കവിത ചൊല്ലൽ.

★ ചിത്രവായന നടത്തുന്നു.

## ഡിസംബർ

## പ്രവർത്തനങ്ങൾ:

★ ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.

★ രചനാശേഷി പരിപോഷിപ്പിക്കൽ.

★ ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.

★ ചെറുകഥകൾ കവിതകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.

★ കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

★ സ്വാഭാവികമായ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

★ സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

## പ്രവർത്തനങ്ങൾ:

★ കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശിൽപശാലകൾ നടത്തുന്നു.

★ തിയേറ്റർ സാധ്യതകൾ, വായനക്കളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

★ കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം.

★ സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.

★ കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നു.

★ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

★ കുട്ടികളുടെ സ്വതന്ത്രരചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

★ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നു.

# ഫെബ്രുവരി

## പ്രവർത്തനങ്ങൾ:

★ ഭാഷോത്സവം, വായനോത്സവം എന്നി ക്ലാസ്സ് പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.

★ കുട്ടികളുടെ രചനകൾ മാഗസിനിൽ ചേർക്കുന്നു.

★ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.

★ അക്ഷരപൂർണതയോടെ തനതായ രചനകൾ നടത്തുന്നു.

★ ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

★ സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.

★ അക്ഷരപൂർണതയോടെ തനതായ രചനകൾ നടത്തുന്നു. ★ കുട്ടികളുടെ കഴിവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

# മാർച്ച്

## പ്രവർത്തനങ്ങൾ

★ കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ പ്രകാശനം ചെയ്യുന്നു.

★ വീട്ടുവായന, കൂട്ടുവായന, നാട്ടുവായന അമ്മവായന, ചങ്ങലവായന, സ്വന്തവായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു.

★ ഒരോ കുട്ടിക്കും ഒരോ പതിപ്പുകൾ.

# വിലയിരുത്തൽ പ്രവർത്തനങ്ങൾ:

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനാക്കാർ വ്യക്തമായി മാറിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ചതും കൈവരിക്കുന്നു.
- ചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുൽസവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും ചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# ENGLISH

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write & speak English. Every child should be able to speak English fluently like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illeterate.

## Objectives & learning Outcomes:-

* Respond to simple instructions in the classroom.
* Describe orally about the pictures & objects.
* Familarise with simple words.
* Enjoy songs & sings them with actions.

* Familiarise the names of birds, animals, their young ones & identifies them from pictures.

## JUNE

- Introduce simple words.
- Provides picture cards.

## JULY

- Identify familiar words
- Say familiar words.
- Read familiar words.
- Write familiar words.

## AUGUST

- Enjoys songs & sings them with Rhythm & action
- Describes orally about pictures & objects using adjectives.

## SEPTEMBER

- Read & write simple words & simple sentences
- Provides pictures cards and reading cards.

## OCTOBER:

- Introduce simple picture descriptions
- Make word chains, sentence chains.
- Make riddles.
- Describing words, rhyming words.
- Text book activities.

## NOVEMBER:

- Prepare reading cards.
- Provide more opportunities to read, write & speak English
- Write five English words daily.

## DECEMBER:

- Read and ~~us~~ understand simple instructions in the classroom.
- Encourage digital reading.

## JANUARY:

- Enjoy songs and sings them with rhythm & action.
- Make picture albums.
- Collect pictures of animals and its young ones.

## FEBRUARY:

- Provide the opportunity to express myself in the classroom.
- English assembly once in a week.

## MARCH

- Speaks English fluently
- Read & write simple sentences.
- Picture reading & picture description.

# ഗണിതം

## ലക്ഷ്യം:

* കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ.

## പ്രവർത്തനം

1) ഗണിതമാഗസിൻ — ജൂൺ — മാർച്ച്

ചുമതല — ക്ലാസ് ടീച്ചർ

2) ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം

ഏകദിന ക്യാമ്പ്

— സെപ്തംബർ

ചുമതല - ക്ലാസ് ടീച്ചർ

3) ഗണിത ക്യാമ്പ് - ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ

— മാസത്തിൽ ഒന്ന്

ചുമതല - SRG
ക്ലാസ് ടീച്ചർ

## സാമ്പത്തിക വിശകലനം

SSA

# അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| സ്കൂൾ | : | GLPS MAVICHERI |
| ക്ലാസ് | : | 2A |
| ക്ലാസ് ടീച്ചറുടെ പേര് | : | SHEEBA P V |
| ഉപജില്ല | : | TALIPARAMBA NORT |
| ജില്ല | : | KANNUR |

## ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാള മധുരം
4. സംയുക്ത ഡയറി –സ്വാതന്ത്ര ഡയറി
5. പാട്ടരങ്ങ്
6. സചിത്ര പുസ്തകം
7. റീഡേർസ് തീയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. വായനോത്സവം

12. ഭാഷോത്സവം

13. ഗണിതകേളികൾ

14. ഗണിതകിറ്റ്

15. പരിക്ഷണങ്ങൾ

16. ലഘുപ്രോജക്ട്

17. പരീക്ഷണകിറ്റ്

18. രക്ഷിതാക്കൾക്ക് ശിൽപ്പശാല

19. വിജയസ്പർശം

20. പാനീയമേള

21. ഭക്ഷ്യമേള

22. പലഹാരമേള

## പ്രവർത്തന കലണ്ടർ

### ക്രമ നമ്പർ-പരിപാടിയുടെ പേര് –നിർവ്വഹണകാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ മുതൽ മാർച്ച്
3. സംയുക്ത ഡയറി - ജൂൺ മുതൽ മാർച്ച്
4. പാട്ടരങ്ങ് - ജൂൺ മുതൽ മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ മുതൽ മാർച്ച്
6. റീഡേർസ് തീയേറ്റർ - ജൂലൈ മുതൽ മാർച്ച്

# ഉള്ളടക്കം


- ആമുഖം
- പ്രവർത്തനക്കലണ്ടർ
- പ്രത്യേക പ്രവർത്തന പാക്കേജ്
- പ്രവർത്തനം വിശദാംശങ്ങൾ :-മലയാള മധുരം
- സംയുക്ത ഡയറി
- പാട്ടരങ്ങ്
- നാട്ടുവിശേഷം കൂട്ടെഴുത്ത്
- റീഡേഴ്സ് തിയേറ്റർ
- ക്ലാസ് പത്രം
- ഭാഷോത്സവം
- രചനോത്സവം
- അരങ്ങത്തേക്ക്
- പരീക്ഷണോത്സവം
- സമഗ്ര പുരോഗതി രേഖ
- അക്കാദമിക മോണിറ്ററിങ്
- വികാസപ്രദ വിലയിരുത്തൽ
- വാർഷികാസൂത്രണം
- ഒന്നാം term pta അജണ്ട
- സമഗ്രാസൂത്രണം (വിഷയാടിസ്ഥാനത്തിൽ)
- ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ

# ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു. കുട്ടികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ് മുറിയെയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.
അധ്യാപന-അധ്യയന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും, സഹകരണത്തിലൂടെ പുരോഗമനപരമായ ഒരു പരിശീലന സംസ്കാരം വളർത്താനും പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.
ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുതി തുടങ്ങുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
- കുട്ടികൾ സ്വയംപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.
- സംഖ്യാബോധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കൽ.
- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ | മെയ് 2025 (അവലോകനം) |
| 2 | പ്രത്യേക പ്രവർത്തന പാക്കേജ് | ജൂൺ 3 - ജൂൺ 13, 2025 |
| 3 | മലയാള മധുരം | ജൂൺ 2025 - മാർച്ച് 2026 |
| 4 | സംയുക്ത ഡയറി | ജൂൺ 2025 - മാർച്ച് 2026 |
| 5 | പാട്ടരങ്ങ് | ജൂൺ 2025 - മാർച്ച് 2026 |
| 6 | പ്രവർത്തന പുസ്തകം, വർക്ക് ബുക്ക് | ജൂൺ 2025 (വിതരണം) |
| 7 | റീഡേഴ്സ് തിയേറ്റർ | ജൂലൈ 2025 - മാർച്ച് 2026 |
| 8 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ 2025 - മാർച്ച് 2026 |
| 9 | ക്ലാസ് പത്രം | ജൂൺ 2025 (ആരംഭം), ഓഗസ്റ്റ് 2025 മുതൽ മാസം ഓരോന്ന് വിതം |
| 10 | രചനോത്സവം | ജൂലൈ 2025 മുതൽ ഫെബ്രുവരി 2026 വരെ മാസംതോറും |
| 11 | ഭാഷോത്സവം | ജനുവരി 2026 |
| 12 | ഗണിതകിറ്റ്, ഗണിതമൂല | 2025 |
| 13 | ഗണിതം-സചിത്ര നോട്ട്ബുക്ക് | ജൂൺ 2025 - മാർച്ച് 2026 |
| 14 | Hello English Adaptation | ജൂൺ 2025 - മാർച്ച് 2026 |
| 15 | ക്ലാസ്സ്തല ബാലസഭ | എല്ലാ ശനി ദിവസങ്ങളിലും (പ്രവർത്തനമുള്ള ദിവസങ്ങളിൽ) |
| 16 | അരങ്ങത്തേക്ക് | ജൂലൈ 2025 - മാർച്ച് 2026 |
| 17 | പരീക്ഷണോത്സവം | ജൂലൈ 2025 - മാർച്ച് 2026 |
| 18 | അക്കാദമിക മോണിറ്ററിങ് | എല്ലാ മാസവും |
| 19 | വികാസപ്രദ വിലയിരുത്തൽ | എല്ലാ മാസവും |

# മാസ്റ്റർ പ്ലാൻ പ്രവർത്തന വിശദാംശങ്ങൾ

## മലയാളം മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ലഭിച്ചു. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാഷാവികാസത്തിന് ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ സാധ്യതയൊരുക്കുന്നു.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.
-

### പ്രവർത്തന ഘട്ടങ്ങൾ:

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു (മെയ് 2025 അവസാനം).
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ 2025 ആദ്യവാരം).
- കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു (ജൂൺ 2025).
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കഥോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു (ഓരോ ടേമിലും).
- കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച പ്രകാശനം നടത്തുന്നു (ജനുവരി 2026).
- വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.
-

### വിലയിരുത്തൽ:

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, PTA, HM സാമ്പത്തികം: PTA, SSK

## സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആസ്വാദ്യം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വായനയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

ലക്ഷ്യ പ്രസ്താവനകൾ:

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു, രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ 2025 മുതൽ ആരംഭിക്കുന്നു.
- ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
- മൗലികമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.
- കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.
- സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.
- എന്റെ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി).
-

വിലയിരുത്തൽ:

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
- സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ സാധ്യത ഒരുക്കിയിട്ടുണ്ട്.

- തുടക്കം മുതലേ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ

## പട്ടാരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും താളത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യ പ്രസ്താവനകൾ:

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:

- പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു.
- രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).
- പാട്ടരങ്ങ് ഏകദിന ശില്പശാല, പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ 2025 രണ്ടാം വാരം).
- തുടർ പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്കാരവും), വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15, 2025 മുതൽ ഫെബ്രുവരി 2026 വരെ).
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് 2026 രണ്ടാം വാരം).
-

വിലയിരുത്തൽ:

- ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ.യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

- പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ്സ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.
- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കുവെച്ചിട്ടുണ്ട്.
- പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി. പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ)

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രകൃതി ഒരു നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പു വരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

### ലക്ഷ്യപ്രസ്താവനകൾ

- പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
- . നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവ രുത്തി ക്ലാസ് പ്രവർത്തനങ്ങൾ
- ആസൂത്രണംചെയ്യാൻ കഴിയുന്നു.
- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
- പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
- പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

- നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.

  പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
- പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)

- കണ്ടെത്തലുകളുടെഅവതരണം.കൂട്ടെഴുത്ത് നടക്കുന്നു.എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം,പതിപ്പ് തയ്യാറാക്കൽ.പാഠഭാഗത്തിന്അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.
  പ്രവർത്തനംഅവലോകനം,

വിലയിരുത്തൽ

(ജൂലൈഅവസാനം)
പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ.
മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)
വിലയിരുത്തൽ
ക്ലാസ്മുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.
പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.
കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപ്പുറ പഠന സാധ്യത ഉറപ്പാക്കുന്നു
കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.

ചുമതല :

ക്ലാസ് ടീച്ചർ, PTA, HM
സാമ്പത്തികം :SSK

## റീഡേഴ്സ് തിയേറ്റർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാ മികവ് ഉണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. മികച്ച വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

ലക്ഷ്യ പ്രസ്താവനകൾ:

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
- പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.
-

പ്രവർത്തന ഘട്ടങ്ങൾ:


- റീഡേഴ്സ് തിയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ).
- ക്ലാസ്. പി.ടി.എ.യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തലും (2025 ജൂൺ മൂന്നാം വാരം).
- ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം).
- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ - 2026 മാർച്ച്).
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ - 2026 മാർച്ച്).
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2026 മാർച്ച് രണ്ടാം വാരം).

- 

വിലയിരുത്തൽ:

- റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്.ആർ.ജിയിൽ ചർച്ച നടത്തിയിട്ടുണ്ട്.
- ക്ലാസ് പി.ടി.എ.യിൽ ആശയം പങ്കിട്ട് പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- റീഡേഴ്സ് തിയേറ്റർ ശില്പശാല നടത്തിയിട്ടുണ്ട്.
- എല്ലാ കുട്ടികളും പ്രവർത്തനത്തിൽ പങ്കെടുത്തിട്ടുണ്ട്.
- റീഡേഴ്സ് തിയേറ്റർ ഉപയോഗിച്ച് പാഠഭാഗങ്ങൾ, ലഘു ബാലസാഹിത്യ കൃതികൾ എന്നിവ അവതരിപ്പിച്ചിട്ടുണ്ട്.
- മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം നൽകിയിട്ടുണ്ട്.
- ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ



## ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

**ലക്ഷ്യപ്രസ്താവനകൾ:**

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
- വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.
- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

**പ്രവർത്തനഘട്ടങ്ങൾ :**

- ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
- ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു , പിന്തുണ ഉറപ്പാക്കുന്നു . ജൂലൈ അവസാനം)

- കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ /ചിത്രങ്ങൾ ഉൾപ്പെടുത്തുന്നു.
- അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
- ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
- അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
- ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
- രചനോത്സവത്തിൽ പ്രദർശനം, അവതരണം
- വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
- ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
- സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

**വിലയിരുത്തൽ :**

- വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
- രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
- വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
- ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.
- തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
- കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

**ചുമതല** : ക്ലാസ് ടീച്ചർ, HM, PTA

**സാമ്പത്തികം:** SSK, PTA

## ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

**ലക്ഷ്യ പ്രസ്താവനകൾ:**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
- കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു
- ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.
- ആശയ പൂർണതയോടെ തന്മയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

**പ്രവർത്തന ഘട്ടങ്ങൾ:**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
- പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

- ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.
- SRG യിൽ അവലോകനം ചെയ്യുന്നു

**വിലയിരുത്തൽ :**

- ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
- മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്
- ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
- കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല: SRG, PTA, HM

സാമ്പത്തികം : SSK, PTA



## രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

### ലക്ഷ്യ പ്രസ്താവന

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു
- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

- രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2ാം വാരം)
- സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3ാം വാരം)
- പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി )
- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024 സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
- കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

### വിലയിരുത്തൽ

- രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

## അരങ്ങത്തേക്ക്

അഭിനയം, പ്രാഥമിക തലത്തിലുള്ള കുട്ടികളിൽ ആശയവിനിമയ ശേഷിയും ആത്മവിശ്വാസവും വളർത്തുന്ന ഒരു പ്രധാന മാർഗ്ഗമാണ്. കുട്ടികളിലെ സർഗ്ഗശേഷിയും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻ ഈ പ്രവർത്തനം സഹായിക്കുന്നു. പഠനം ആസ്വാദ്യകരമാക്കുന്നതിനും, ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്നതിനും ഇത്തരം അവതരണങ്ങൾ വളരെ സഹായകമാണ്.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടികളിലെ സർഗ്ഗശേഷി കണ്ടെത്തി വികസിപ്പിക്കുക.
- കഥ, കവിത, ബാലഗീതങ്ങൾ എന്നിവയിലൂടെ ആശയങ്ങൾ ആസ്വാദ്യകരമായി മാറ്റുക.
- പൂർണ്ണമായും കുട്ടികൾ പങ്കെടുക്കുന്ന പങ്കാളിത്തം ഉറപ്പാക്കുക.
- താൽപ്പര്യത്തോടെ പഠനത്തെ ഏറ്റെടുക്കാൻ അവസരം ഒരുക്കുക.
- ശാരീരിക ചാലകവികാസം പ്രോത്സാഹിപ്പിക്കുക.
- ആശയവിനിമയശേഷി വളർത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തിരഞ്ഞെടുക്കൽ: യൂണിറ്റിലെ കഥ, കവിത, സംഭാഷണങ്ങൾ എന്നിവയിൽനിന്ന് അനുയോജ്യമായ ഭാഗങ്ങൾ തിരഞ്ഞെടുക്കുക.
- വിശകലനം: കഥയിലെ കഥാപാത്രങ്ങളെ കുട്ടികളുമായി ചർച്ച ചെയ്ത് ഉൾക്കൊള്ളിക്കുക.
- പരിശീലനം: വാചകങ്ങൾ, അഭിനയ ശൈലി, ശാരീരിക ചലനങ്ങൾ എന്നിവയുടെ പരിശീലനം നൽകുക.
- സജ്ജീകരണം: ചെറിയ അരങ്ങുകൾ ഒരുക്കി കുട്ടികളുടെ പ്രകടനത്തിന് തയ്യാറാക്കുക.
- അഭിനയം: ഓരോ വിദ്യാർത്ഥിയും ഒരു കഥാപാത്രമാകുന്നത് പോലെ അഭിനയിപ്പിക്കുക.
- വിചാരണ (പ്രതിഫലനം): അഭിനയം കഴിഞ്ഞ് പ്രതിഫലനം നടത്തുക – എന്താണ് പഠിച്ചത്? ആരെന്താണ് അഭിനയിച്ചത്?

### വിലയിരുത്തൽ:

- പങ്കാളിത്തം: മുഴുവൻ കുട്ടികളും പങ്കെടുത്തോ?
- അഭിനയമികവ്: ഉച്ചാരണശുദ്ധി, വ്യാഖ്യാനം.
- പ്രകടന താൽപ്പര്യം: കുട്ടികൾ എത്രത്തോളം ആസ്വദിച്ചു?
- യൂണിറ്റിലെ ആശയങ്ങൾ കുട്ടികൾക്ക് മനസ്സിലായിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- വ്യക്തിഗതമായി കുട്ടികളെ പരിഗണിച്ചുള്ള വിശകലനം (AMP).
- പ്രവർത്തനം പാഠഭാഗവുമായി ബന്ധിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

### ക്രോഡീകരണം:

- പഠനം ആസ്വാദ്യകരമാക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിക്കാൻ കഴിയും.
- യൂണിറ്റിലെ ആശയങ്ങളും കവിതകളും ഉറപ്പിക്കുന്നതിന് കഴിയുന്നു.
- സഭാകമ്പമില്ലാതെ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് കഴിയുന്നു.
- എല്ലാവരെയും പരിഗണിക്കാൻ കഴിയുന്നു.
- കുട്ടിയെ അറിയാൻ കഴിയുന്നു (വ്യക്തിഗത AMP).

# പരീക്ഷണോത്സവം

നേരിട്ടുള്ള അനുഭവങ്ങളിലൂടെ അറിവ് നിർമ്മിച്ചെടുക്കുകയാണ് ശാസ്ത്ര പഠനത്തിന്റെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ് പരീക്ഷണങ്ങൾ. 'പരീക്ഷണോത്സവം' എന്ന ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് പരിസരത്തെക്കുറിച്ചുള്ള അറിവ്, ശാസ്ത്ര ആശയങ്ങൾ, പ്രക്രിയാശേഷികൾ എന്നിവ ലളിതമായ രീതിയിൽ മനസ്സിലാക്കാം. ക്ലാസ് മുറി കൂടുതൽ ജീവസ്സുറ്റതാക്കാനും കഴിയും. ഈ പ്രവൃത്തിയിലൂടെ കുട്ടികളിൽ നിരീക്ഷണ കഴിവും അന്വേഷണശേഷിയും വർദ്ധിപ്പിക്കുന്ന, ഉത്സാഹവും കൗതുകവും ഉണർത്തുന്ന പഠനാനുഭവമാണ് ലക്ഷ്യമിടുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ:

- പ്രക്രിയാധാരമുള്ള ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കുക.
- നിരീക്ഷണം, അന്വേഷണം, പരീക്ഷണം തുടങ്ങിയ ശാസ്ത്രപ്രക്രിയകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക.
- സ്വയം പഠനത്തിനും അറിവ് നിർമ്മാണത്തിനും അവസരം ഒരുക്കുക.
- പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ അറിവ് ആഴത്തിൽ ആസ്വദിക്കാൻ കഴിയുന്ന ആവിഷ്കാരങ്ങൾ നൽകുക.
- ശാസ്ത്ര കൗതുകം, താൽപ്പര്യം, സംശയപരിശോധന എന്നീ പഠന ചിന്തകൾ വളർത്തുക.
- മുഴുവൻ കുട്ടികളിലും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ പ്രക്രിയാശേഷികൾ വർദ്ധിപ്പിക്കുക.

## പ്രവർത്തന ഘട്ടങ്ങൾ:

- **പ്രാരംഭ ചർച്ച:** പാഠഭാഗവുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ വിശദീകരിക്കുകയും, ഏതൊക്കെ പരീക്ഷണങ്ങൾ ചെയ്യാൻ കഴിയും എന്ന് ചർച്ച ചെയ്യുകയും ചെയ്യുക.
- **പരീക്ഷണങ്ങൾ തിരഞ്ഞെടുക്കൽ:** പഠനവിഷയത്തിന് അനുസൃതമായി ലളിതമായ പരീക്ഷണങ്ങൾ തിരഞ്ഞെടുക്കുക (ഉദാ: ജലചംക്രമണം, മണ്ണിന്റെ സ്വഭാവം, ലയിക്കുന്ന പദാർത്ഥങ്ങൾ തുടങ്ങിയവ).
- **വിഭാഗങ്ങളാക്കി ഒരുക്കൽ:** കുട്ടികളെ ചെറിയ ഗ്രൂപ്പുകളാക്കി ഓരോ സംഘത്തിനും പരീക്ഷണ ഉത്തരവാദിത്തം നൽകുക.
- **സാധനങ്ങൾ ഒരുക്കൽ:** സ്കൂളിലെ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് പരീക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ ഒരുക്കുക.
- **പരീക്ഷണ പ്രദർശനം:** ഓരോ സംഘവും പരീക്ഷണം കാഴ്ചവെക്കുകയും ഫലങ്ങൾ വിശദീകരിക്കുകയും ചെയ്യുക.
- **പോസ്റ്റർ/ചിത്രാവിഷ്കാരങ്ങൾ:** പരീക്ഷണങ്ങൾക്കൊപ്പം അവയെ വിശദീകരിക്കുന്ന പോസ്റ്ററുകൾ തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- **പ്രതിഫലനം:** ഓരോ സംഘവും ചെയ്ത പ്രവൃത്തിയെക്കുറിച്ച് ചർച്ച ചെയ്യുക - എന്താണ് പഠിച്ചത്? എന്താണ് പുതുതായി അറിഞ്ഞത്?

## വിലയിരുത്തൽ:

- പരീക്ഷണത്തിൽ കുട്ടികളുടെ പങ്കാളിത്തം.
- നിരീക്ഷണശേഷിയും സംശയപരിശോധനാശേഷിയും.
- അറിവ് നിർമ്മാണം എന്ന ലക്ഷ്യത്തിലേക്കുള്ള സാന്നിധ്യം.
- ഭിന്നശേഷിക്കാരായ കുട്ടികളെ എങ്ങനെ ഉൾപ്പെടുത്തി.
- സഹപാഠികളുമായി സഹകരിച്ച് പഠിക്കാൻ കുട്ടികൾക്ക് എങ്ങനെ കഴിഞ്ഞു.
- പ്രതിഫലന ചർച്ചകളിൽ കുട്ടികൾ പങ്കെടുത്തിട്ടുണ്ടോ.
- പ്രവർത്തനത്തിന്റെ ആകെ പാഠഭാഗവുമായി ബന്ധമുണ്ടോ എന്ന് പരിശോധിക്കുക.

# സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അതിനാൽ വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമഗ്രമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

## പ്രവർത്തന ഘട്ടങ്ങൾ:

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
  - പ്രധാന മേഖലകൾ:
    - വൈജ്ഞാനികം (Academic)
    - വൈകാരികം (Emotional)
    - സാമൂഹികം (Social)
    - ശാരീരികം (Physical)
    - മാനസികം (Mental)
    - ആചരണപൂർണ്ണത / മൂല്യബോധം
    - ആശയവിനിമയക്ഷമത
    - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
  - ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
  - അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
  - ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
- കാലക്രമാനുസൃതമായി രേഖപ്പെടുത്തൽ:
  - മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  - കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:

- ഓരോ വർഷവും വിശദമായ സമഗ്ര പുരോഗതി രേഖ ടീച്ചർ കൈമാറും.
- പുതിയ ക്ലാസ് ടീച്ചർ അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കും.

### വിലയിരുത്തൽ:

- നിരീക്ഷണങ്ങളുടെ ഏകീകരണം **(Consistency)**.
- പുതിയ അധ്യാപകൻ/അധ്യാപികക്ക് ഉപകാരപ്പെടുന്നവിധം ഉള്ള വിവരങ്ങളുടെ ഉണ്ടാകണം.
- വ്യക്തിഗത പഠന പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയുന്ന വിധം ഡാറ്റാ ശേഖരണം.
- പെരുമാറ്റ ശൈലി, പഠനശൈലി, ഇഷ്ടപാഠങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തൽ.
- മാതാപിതാക്കളുടെയും കുട്ടികളുടെയും അഭിപ്രായങ്ങൾ ഉൾപ്പെടുത്തുന്ന സംവിധാനം.

---

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബോധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയും പിന്തുണയും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ **HELP 2025** പ്രകാരമുള്ള പഠന പദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തീയതി നിശ്ചയിച്ച സന്ദർശനം:
  - ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. **HELP 2025** ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- മോണിറ്ററിംഗ് ഉപാധികൾ:
  - **UNIT WISE MONITORING FORMAT:** ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
  - **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.
  - **NOTEBOOK ENTRY CHECKLIST:** ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
  - **OBSERVATION TOOL:** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

- ഉദ്യോഗസ്ഥരുടെ ചുമതലകൾ:
    - **SCERT/DIET** ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കൽ.
    - **DIET PRINCIPAL:** ജില്ലാതല മാർഗ്ഗനിർദ്ദേശം.
    - **DDE, DEO, AEO:** സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.
    - **DPC, BPC:** പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപജില്ല സഹായങ്ങളും.
    - വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.
- പ്രതിവാര അവലോകനം:
    - സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
    - ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

വിലയിരുത്തൽ:

- **HELP 2025** പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ഫലചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെക്സ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

---

# വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ **(Formative Assessment)** എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. **KCF 2023** ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

പ്രവർത്തന ഘട്ടങ്ങൾ:

# വാർഷിക ആസൂത്രണം

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| ജൂൺ | • അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം-സന്നദ്ധത പ്രവർത്തനങ്ങൾ<br>• പ്രവേശനോത്സവ ദിനം<br>• ക്ലാസ് പിടിഎ തീയതികൾ (തീയതി എഴുതിച്ചേർക്കണം)<br>• നിർവഹണ ഉദ്ഘാടനം (തീയതി)<br>• പഠനോപകരണം നിർമ്മാണ ശില്പശാല (തീയതി)<br>• ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം (തീയതി)<br>• ഡോക്യുമെന്റേഷൻ തുടക്കം | സന്നദ്ധത പ്രവർത്തനങ്ങൾ<br>മഴയോ മഴ<br>അടുക്കളയിലെ രൂപങ്ങൾ<br>An Umbrella For All | 20 |
| ജൂലൈ<br>ജല | • ജല പരീക്ഷണങ്ങൾ<br>ജല സംരക്ഷണ പ്രവർത്തനങ്ങൾ<br>• കടംകഥ, സംഭാഷണം, പോസ്റ്റർ<br>• ക്ലാസ് പിടിഎ യോഗം വിലയിരുത്തൽ | നന്നായ് ഉണ്ണാൻ<br>ഒളിച്ചേ, കണ്ടേ<br>An Umbrella For All | 20 |
| ആഗസ്റ്റ് | • കാർഷിക ഉപകരണങ്ങൾ പ്രദർശനം<br>ആഹാര രീതികൾ<br>• രചനോത്സവം<br>• പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക് ക്ലാസ് പി.ടി.എയിൽ കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ<br>• വായനോത്സവം | എന്താണമ്മേ സ്വാതന്ത്ര്യം<br>നല്ല നാടിനായ് നല്ല നാളേക്കായ്<br>A Piece Of Cake | 15 |

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| സെപ്റ്റംബർ | • കഥകൾ,സംഭാഷണങ്ങൾ അവതരണം<br>• ഡയറി എഴുത്ത്<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• പട്ടിക വിശകലനം<br>• ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങളാക്കാൾ<br>• Mask making,Role Plays | പൂരം,<br>പൊടിപൂരം<br>സമ്മാനപ്പൊതി<br>A Piece Of Cake | |
| ഒക്ടോബർ | • കഥകൾ ,സംഭാഷണങ്ങൾ ചിഹ്നങ്ങൾ ചേർക്കൽ കുട്ടിക്കവിതകൾ<br>• 100 ന്റെ കൂട്ടങ്ങളാക്കൽ ,<br>• സംഖ്യകൾ താരതമ്യം | രുചിമേളം<br>ഒന്നായ് ചേരാം<br>നന്നായ് വളരാം<br>The Village Of Birds | |
| നവംബർ | • മുഖമൂടി നിർമാണം സംഭാഷണം രൂപപ്പെടുത്തൽ ദൃശ്യാവിഷ്കാരം<br>• Conversation<br>• Role plays<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• താരതമ്യം ചെയ്യൽ<br>• പട്ടികപ്പെടുത്തൽ | | |

## ഒന്നാം ടേം ക്ലാസ് പി.ടി.എ അജണ്ട

| മാസം | അക്കാദമിക ഉള്ളടക്കം | മുന്നൊരുക്കം |
|---|---|---|
| ജൂൺ | • പഠനോപകരണ നിർമ്മാണ ശില്പശാല<br>• പഠന പിന്തുണ എങ്ങനെ നൽകാം<br>• കുട്ടികളെ ഉൾപ്പെടുത്തിയുള്ള ക്ലാസുകൾ (പ്രക്രിയ ബോധ്യപ്പെടുത്തൽ )<br>• ഈ മാസം കുട്ടികൾ നേടേണ്ട ശേഷികൾ<br>• രക്ഷിതാക്കളിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായരീതി | • എസ് ആർ ജി യോഗം<br>• ചുമതലാ വിഭജനം<br>• എസ്.എം.സി / പി.ടി.എ യോഗം<br>• നിർമാണ ശില്പശാലക്കാവശ്യമായ സാധന സാമഗ്രികൾ ഒരുക്കൽ |
| ജൂലൈ | • അക്കാദമികം<br>• ഡയറിയെഴുത്ത്<br>• പ്രവർത്തന ബുക്ക് വിശകലനം<br>• കുട്ടികളുടെ വായനയും എഴുത്തും പുരോഗതി പിന്തുണ | • എസ് ആർ ജി<br>• സി പി ടി എ<br>• ഓൺലൈൻ സി പി ടി എ |
| ആഗസ്റ്റ് | • വായനോത്സവം<br>• രചനോത്സവം<br>• തത്സമയ വിലയിരുത്തൽ | • വായനമൂല ഒരുക്കൽ<br>• ക്ലാസ്സ് ലൈബ്രറി ശാക്തീകരണം |

കുട്ടികളുടെ പൊതു പഠന നിലവാരം രക്ഷിതാക്കൾക്ക് വിലയിരുത്താനുതകുന്ന പ്രവർത്തനങ്ങൾ cpta യിലൂടെ സാധ്യമാകണം .ആശയാവതരണ രീതിയിലൂടെ കുട്ടി ഭാഷാ ശേഷികൾ നേടുന്നതിന്റെ നേരനുഭവ പ്രവർത്തനങ്ങൾ ഒരുക്കണം .പഠനോപകരണ ശില്പ ശാല എന്തിനു എന്ന് ഓരോ രക്ഷിതാവിനും ബോധ്യപ്പെടണം .

## Unit 2: A Piece of Cake

| Learning Objectives | Activity Details | Time Period |
|---|---|---|
| **1. Listening and Speaking** * Develop the ability to listen to stories and comprehend the sequence of events. * Respond orally to simple questions based on the story. * Retell the story or parts of it in their own words. * Use appropriate expressions and intonation while reading dialogues aloud.<br>**2. Reading** * Identify and read familiar sight words and short sentences. * Read the story with the help of pictures and context clues. * Predict story outcomes using visual hints. * Recognize punctuation and read with correct pauses.<br>**3. Vocabulary Development** * Understand and use theme-related words (cake, hungry, animals, forest, etc.) * Learn descriptive words (sweet, big, yummy, etc.) * Identify rhyming and similar-sounding words if present in the poem/story.<br>**4. Writing** * Trace, copy and write simple sentences or dialogues from the story. * Complete sentences using words from the story. * Match words with pictures. * Attempt guided writing such as completing a conversation or filling missing words.<br>**5. Values and Life Skills** * Understand and express the value of sharing and caring. * Identify actions that are kind/unfair within the story. * Appreciate helping and respecting others (animals/people).<br>**6. Creative Expression** * Participate in story dramatisation or role play. * Draw or colour scenes from the story. * Create new endings or imagine "What if" scenarios. * Sing or recite poems/rhymes related to food or forest animals. | * Teacher narrates the story of the elephant family and the cake, encouraging active listening and asking comprehension questions.<br>* Discuss various food items mentioned (cake, biscuits, bitter gourd juice), categorizing them as healthy or unhealthy. Children share their favorite healthy snacks.<br>* Role-play scenes from the elephant story, focusing on dialogues and expressing feelings about food and exercise.<br>* Engage in simple physical activities mimicking the elephant family's jog. Introduce action verbs through demonstrations and games.<br>* Read the poem "If You Meet an Elephant" and identify descriptive words for animals. Children can draw their favorite animal from the story and describe it.<br>* Use flashcards or pictures to sequence the events of the "A Piece of Cake" story. Children re-tell the story in their own words.<br>* Introduce the story "Lilly and the Bear." Focus on describing Bells the teddy bear's features. Children can describe their own toys.<br>* Discuss the theme of health and fitness from the story. Encourage children to talk about how they can stay healthy.<br>* Conduct short Q&A sessions after each story segment to check understanding. | 2025 Aug Last two weeks |

## Unit 3: The Village of Birds

| Learning Objectives | Activity Details | Time Period |
|---|---|---|
| **1. Listening and Speaking** * Develop the ability to listen to stories and comprehend the sequence of events. * Respond orally to simple questions based on the story. * Retell the story or parts of it in their own words. * Use appropriate expressions and intonation while reading dialogues aloud. **2. Reading** * Identify and read familiar sight words and short sentences. * Read the story with the help of pictures and context clues. * Predict story outcomes using visual hints. * Recognize punctuation and read with correct pauses. **3. Vocabulary Development** * Understand and use theme-related words (cake, hungry, animals, forest, etc.) * Learn descriptive words (sweet, big, yummy, etc.) * Identify rhyming and similar-sounding words if present in the poem/story. **4. Writing** * Trace, copy and write simple sentences or dialogues from the story. * Complete sentences using words from the story. * Match words with pictures. * Attempt guided writing such as completing a conversation or filling missing words. **5. Values and Life Skills** * Understand and express the value of sharing and caring. * Identify actions that are kind/unfair within the story. * Appreciate helping and respecting others (animals/people). **6. Creative Expression** * Participate in story dramatisation or role play. * Draw or colour scenes from the | **1. Listening and Speaking Activities:** * Teacher reads "The Village of Birds" story aloud, pausing to ask predictive questions ("What do you think happens next?"). * After the story, children answer simple 'who', 'what', 'where' questions about the plot and characters. * Children work in pairs or small groups to retell different parts of the story using picture cues. * Role-play key dialogues from the story, focusing on expressing emotions through voice. * Conduct a "Bird Sound" activity where children listen to different bird calls and identify them. **2. Reading Activities:** * Introduce sight words from the story using flashcards; children practice reading them in isolation and in short sentences. * Shared reading of the storybook, with the teacher guiding children to use illustrations to understand the text. * Present illustrated sentences from the story with a missing word; children choose the correct word from a bank. * Guided reading sessions where children focus on reading sentences with correct pauses at commas and full stops. **3. Vocabulary Development Activities:** * Create a 'Bird Word Wall' with names of birds, their actions, and habitats from the story. Children add new words they find. * Play 'Describing Game': Teacher names an object/character from the story (e.g., a nest, a bird) and children use descriptive words (e.g., 'cozy', 'colorful', 'tiny'). * Identify rhyming words from simple poems or songs related to birds or nature, e.g., "tree" and "bee." **4. Writing Activities:** * Provide guided writing templates: Children trace or copy sentences describing a bird or a scene from the story. * Give incomplete sentences from the story for children to complete with appropriate words. * 'Match the Picture to the Word' activity sheets using vocabulary from the unit (e.g., bird, nest, tree, feather). * Simple fill-in-the-blanks exercises for dialogues or short descriptions of birds or their village**5. Values and Life Skills Activities:** * Discuss scenarios from the story where characters show kindness or unfairness; children identify and explain why. * Role-play situations where birds help each other, emphasizing the concept of cooperation and | Sept 2025, First two weeks |

| Learning Objectives | Activity Details | Time Period |
|---|---|---|
| story. * Create new endings or imagine "What if" scenarios. * Sing or recite poems/rhymes related to food or forest animals. | empathy. * Children create simple 'rules for living in the Village of Birds' focusing on respect for nature and sharing.<br>**6. Creative Expression Activities:** * Organize a 'Bird Day' where children dress up as different birds or create bird masks. They perform simple dramatizations. * Children draw their favorite bird from the story or a scene from the bird village and color it. * In groups, children brainstorm and share alternative endings for 'The Village of Birds' story. * Teach simple songs or rhymes about birds and their village. Children can create simple movements to accompany the songs. | |

## ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ

നമ്മുടെ കുട്ടികൾക്ക് ആരോഗ്യവും സന്തോഷവുമുള്ള ഒരു ജീവിതം ഉണ്ടാകാൻ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. കളിച്ചും ചിരിച്ചും പാട്ടുപാടിയും പഠിച്ചുമൊക്കെയാണ് കുട്ടികൾ വളരേണ്ടത്. എന്നാൽ, ചില കൂട്ടുകാർക്ക് അറിയാതെ ചില ദോഷമുള്ള ശീലങ്ങൾ ഉണ്ടാകാറുണ്ട്. ഇതിനെക്കുറിച്ചാണ് നമ്മൾ ഇപ്പോൾ സംസാരിക്കുന്നത്.

1. രാസ ലഹരി **(Bad Substances)**

ചില മരുന്നുകളും മറ്റു സാധനങ്ങളും നമ്മുടെ ശരീരത്തിന് വളരെ ദോഷം ചെയ്യുന്നവയാണ്. ഡോക്ടർമാർ പറയുന്ന മരുന്ന് മാത്രമേ നമ്മൾ കഴിക്കാവൂ. അല്ലാത്ത മരുന്നുകളോ, അപരിചിതമായ മണമുള്ള പുകയോ, വായിലിടുന്നതോ ആയ ഒരു സാധനവും നമ്മൾ ഉപയോഗിക്കാൻ പാടില്ല.
കുട്ടികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

* അപരിചിതരിൽ നിന്ന് ഒന്നും വാങ്ങിക്കഴിക്കരുത്: നിങ്ങൾക്ക് അറിയാത്ത ആളുകൾ എന്തെങ്കിലും പലഹാരമോ മിഠായിയോ മരുന്നോ തന്നാൽ അത് വാങ്ങിക്കഴിക്കരുത്. അത് ദോഷമുള്ളതായിരിക്കാം.

* അപരിചിതമായ മണം: എവിടെയെങ്കിലും ഒരുതരം പുകയോ, മണം വരുമ്പോൾ അവിടുന്ന് മാറി നിൽക്കണം. അത് നിങ്ങളുടെ ശരീരത്തിന് നല്ലതല്ല.

* അമ്മയോടും അച്ഛനോടും പറയുക: ആരെങ്കിലും നിങ്ങൾക്ക് ദോഷമുള്ള എന്തെങ്കിലും തരാൻ ശ്രമിക്കുകയോ, ദോഷമുള്ള കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്താൽ പേടിക്കാതെ ഉടൻതന്നെ നിങ്ങളുടെ അമ്മയോടോ അച്ഛനോടോ ടീച്ചറോടോ പറയണം. അവർ നിങ്ങളെ സഹായിക്കും.

ഗവ.എൽ പി സ്ക്കൂൾ മാവിച്ചേരി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025–26

ക്ലാസ് - 3

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന :**<br>മലയാളം തെറ്റുകൂടാതെ അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ഭാവാത്മകമായി അനായാസം വായിക്കാൻ പ്രാപ്തരാക്കുവാൻ. | • പ്രീ ടെസ്റ്റ്<br>• പരിഹാരബോധനപ്രവർത്തനങ്ങൾ<br>• ക്ലാസ്സ് ലൈബ്രറി വികസനം<br>• ക്ലാസ്മുറി ആകർഷകമാക്കൽ<br>• വായനാകാർഡുകളുടെ നിർമാണം<br>• പത്രവായന<br>• പഠനോത്സവം | ജൂൺ<br>ജൂൺ<br>അധ്യയന വർഷം മുഴുവൻ<br>അധ്യയന വർഷം മുഴുവൻ<br>ജൂൺ – ജൂലൈ<br>ഫെബ്രുവരി | അധ്യാപകർ<br>അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ<br>എസ് എം സി<br>അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ<br>എസ് എം സി | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ<br>എസ് എം സി<br>എസ് എസ് കെ |
| **ലേഖനം / എഴുത്ത്**<br>മലയാളം തെറ്റുകൂടാതെ എഴുതാൻ ഉള്ള ശേഷി നേടുന്നു<br>സർഗാത്മക രചനകൾ തയാറാക്കുന്നു<br>വിവിധ വ്യവഹാര രൂപങ്ങൾ തയാറാക്കാനുള്ള ശേഷി ആർജ്ജിക്കുന്നു | • പ്രീ ടെസ്റ്റ്<br>• പരിഹാരബോധനപ്രവർത്തനങ്ങൾ<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ ,കുറിപ്പുകൾ ,പ്ലക്കാർഡുകൾ ,നോട്ടീസുകൾ ,കത്തുകൾ എന്നിവ തയാറാക്കൽ<br>• ഡയറി<br>• പത്രവാർത്ത എഴുതൽ<br>• പഠനോത്സവം | ജൂൺ<br>ജൂൺ<br>അധ്യയന വർഷം മുഴുവൻ<br>അധ്യയന വർഷം മുഴുവൻ | അധ്യാപകർ<br>അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ<br>അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ<br>എസ് എം സി | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ<br>എസ് എം സി<br>എസ് എസ് കെ |
| **ആശയവിനിമയം**<br>ആശയങ്ങൾ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള ശേഷി നേടൽ | • തയാറാക്കുന്ന വ്യവഹാരരൂപങ്ങളുടെ അവതരണം<br>• ആശയവ്യക്തതയോടെയുള്ള ക്ലാസ്റൂം ഭാഷാവിനിമയം | അധ്യയന വർഷം മുഴുവൻ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ<br>എസ് എം സി<br>എസ് എസ് കെ |
| **സർഗാത്മക പ്രകടനം** | • തയാറാക്കുന്ന വ്യവഹാരരൂപങ്ങളുടെ അവതരണം<br>• സർഗ്ഗവേള<br>• കലാ മേളകൾ | അധ്യയന വർഷം മുഴുവൻ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ<br>എസ് എം സി |

# ENGLISH

| AIM | ACTIVITY | TIME PERIOD | CHARGE | FINANCE |
|---|---|---|---|---|
| READING:<br>To make children read English fluently without mistakes and read in an expressive manner. | • Pre test<br>• Preparing Reading Cards<br>• Remedial Teaching<br>• Learners festival<br>• Easy English Camp | June<br>June – July<br><br>June<br>February<br>November | Teacher<br>PTA,Teacher<br><br>Teacher<br>PTA,SMC,Teachers | PTA,SMC Sponsors |
| ENGLISH VOCABULARY DEVELOPMENT:<br>To develope the ability to use various vocabulary in correct situations. | • Pre test<br>• Remedial Teaching<br>• Word games<br>• Preparing word pyramids<br>• Familiarisng new wors from text book.<br>• Learning Festival | June<br>June<br>Through out Academic Year<br><br>Through out Academic Year<br><br>February | Teacher<br>Teacher<br>Teacher<br>Teacher,Parents<br>Teacher<br>Colearners<br><br>Teacher.PTA | PTA,SMC,Sponsors,Teacher |
| ENGLISH WRITING:<br>To develope the ability to write simple senetences with familiar vocabulary without errors | • Pre test<br>• Remedial Teaching<br>• Special Training for developing English sentence formation using the methods of games,drawing,video presentations like interesting activities.<br>• Learning Festival | June<br>June<br>August – February<br><br><br>February | Teacher<br>Teacher<br>Teacher,PTA<br><br><br>Teachers,PTA,SMC | Teachers,PTA,SMC,Sponsors |
| ENGLISH COMMUNICATION:<br>Creating more opportunities for speaking English in classroom and other activities. | • Pre test<br>• Remedial Teaching<br>• SKIT presentations<br>• Enacting lessons in Classrooms and Creative Stages<br>• Describing different things in classrooms<br>• Learning Festival | June<br>June<br>August – February<br><br><br>February | Teacher<br>Teacher<br>Teacher,PTA<br><br><br>Teachers,PTA,SMC | Teachers,PTA,SMC,Sponsors |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി ബോധവും പരിസ്ഥിതി സ്നേഹവും സൃഷ്ടിക്കൽ | • പ്രകൃതി നടത്തം<br>• സസ്യങ്ങളെ തരംതിരിക്കൽ<br>• ഉദ്യാന നിർമാണം / പരിപാലനം | ജൂൺ – ജൂലൈ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ | അധ്യാപകർ<br>പി ടി എ |
| പ്രകൃതി സംരക്ഷണം | • മണ്ണ് ജലം വായു എന്നിവ സംരക്ഷിക്കുന്നതിന്റെ ആവശ്യകത അറിയിക്കുന്ന പോസ്റ്ററുകൾ തയാറാക്കി സ്ഥാപിക്കുന്നു<br>• വിദ്യാലയത്തിലെ ഖര മാലിന്യ സംസ്കരണത്തിന്റെ രീതികൾ മനസിലാക്കി ആവശ്യമായ ഇടപെടലുകൾ നടത്തുന്നു<br>• പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ അവതരിപ്പിക്കുന്നു | ജൂൺ – ജൂലൈ<br>അധ്യയന വര്ഷം മുഴുവൻ<br>ഫെബ്രുവരി | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ | അധ്യാപകർ<br>പി ടി എ |
| വ്യക്തി ശുചിത്വം പാലിക്കൽ | • വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയാറാക്കുന്നു<br>• വ്യക്തി ശുചിത്വ രീതികളുടെ അവതരണം<br>• ശുചിത്വ ബോധവൽക്കരണ ക്ലാസ്സുകൾ. | സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ |
| ശാസ്ത്രീയമായ മാലിന്യ സംസ്കരണ മനോഭാവം സൃഷ്ടിക്കൽ<br>എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം ആണെന്ന ബോധം വളർത്തൽ | • മാലിന്യ നിർമാർജനം,മാലിന്യ സംസ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ,പ്രകൃതി സൗഹൃദ മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയാറാക്കൽ<br>• ഹരിതകർമ്മ സേന അംഗങ്ങളുമായി കൂടിക്കാഴ്ച<br>• മാലിന്യ സംസ്കരണം – ഡോക്യുമെന്ററി പ്രദർശനം<br>• പഠനോത്സവം | സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ |
| പ്രഥമ ശുശ്രൂഷയുമായി ബന്ധപ്പെട്ട പ്രാഥമിക അവബോധം നേടൽ | • പ്രഥമശുശ്രൂഷ – നാടകീകരണം<br>• ഫസ്റ്റ് എയ്ഡ് ബോക്സ് തയാറാക്കൽ | ജനുവരി – ഫെബ്രുവരി | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ | അധ്യാപകർ<br>രക്ഷിതാക്കൾ<br>പി ടി എ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം വൃത്തം ത്രികോണം എന്നിവയെ പറ്റിയുള്ള പ്രാഥമിക ധാരണ നേടൽ | • നിത്യജീവിതത്തിലെ ചതുര,വൃത്ത,ത്രികോണ രൂപങ്ങൾ കണ്ടെത്തൽ<br>• ചതുര,വൃത്ത, ത്രികോണ രൂപങ്ങൾ നിർമ്മിക്കൽ<br>• ചതുര,വൃത്ത,ത്രികോണ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ വരക്കൽ<br>• വെജിറ്റബിൾ പ്രിന്റിങ് | ജൂൺ - ജൂലൈ | അധ്യാപകർ രക്ഷിതാക്കൾ പി ടി എ | അധ്യാപകർ പി ടി എ |
| സംഖ്യാ വ്യാഖ്യാനം – 999 വരെ | • പാറ്റേണുകൾ തയാറാക്കൽ<br>• കളിനോട്ടുകൾ ഉപയോഗിച്ച സംഖ്യാ വ്യാഖ്യാനം<br>• ബാങ്കിങ് പ്രവർത്തനങ്ങൾ<br>• ചെക്ക് പരിചയപ്പെടൽ | ജൂലൈ ആഗസ്റ്റ് | അധ്യാപകർ രക്ഷിതാക്കൾ പി ടി എ | അധ്യാപകർ പി ടി എ |
| സംഖ്യാ ബോധം സൃഷ്ടിക്കൽ | • മൂർത്തമായ വസ്തുക്കൾ ഉപയോഗിച്ച് സംഖ്യാ ബോധം,സംഖ്യാ വിശകലനം,വ്യാഖ്യാനം എന്നിവ ഉറപ്പിക്കുന്ന കളികൾ,വർക്ക്ഷീറ്റുകൾ,പഠന പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുന്നു | സെപ്റ്റംബർ | അധ്യാപകർ രക്ഷിതാക്കൾ പി ടി എ | അധ്യാപകർ പി ടി എ |
| സങ്കലനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | • മനഃ കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഗണിത കളികൾ<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ രക്ഷിതാക്കൾ പി ടി എ | അധ്യാപകർ പി ടി എ |
| വ്യവകലനവുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | • മനഃ കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഗണിത കളികൾ<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | നവംബർ | അധ്യാപകർ രക്ഷിതാക്കൾ പി ടി എ | അധ്യാപകർ പി ടി എ |

| | | | | |
|---|---|---|---|---|
| ഗുണനവുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | • മനഃ കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഗണിത കളികൾ<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ഡിസംബർജനുവരി | അധ്യാപകർ രക്ഷിതാക്കൾ പി ടി എ | അധ്യാപകർ പി ടി എ |
| ഹരണവുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | • മനഃ കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഗണിത കളികൾ<br>• പ്രായോഗിക പ്രശ്നങ്ങൾ<br>• വിവരവിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജനുവരി<br>ഫെബ്രുവരി | അധ്യാപകർ രക്ഷിതാക്കൾ പി ടി എ | അധ്യാപകർ പി ടി എ |

# അക്കാദമിക് മാസ്റ്റർപ്ലാൻ

അധ്യാപികയുടെ പേര് : ദിവ്യ. കെ

ക്ലാസ് : IV

ജി. എൽ. പി. എസ്

മാവിച്ചേരി

വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) അമ്മ മലയാളം<br>→ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | മലയാള ഭാഷാപഠനവുമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ. ആവശ്യമായ സാമഗ്രികൾ തയ്യാറാക്കൽ.<br>വ്യത്യസ്തമായ പഠനതന്ത്രങ്ങൾ ആസൂത്രണം ചെയ്യൽ. (അക്ഷര കേളികൾ) | ലക്ഷ്യം നേടുന്നത് വരെ | SRG<br>ക്ലാസ് ടീച്ചർ | |
| 2) വായിക്കാം വളരാം<br>→ വായനാശേഷി വളർത്തൽ.<br>→ അക്ഷരസ്ഫുടത മെച്ചപ്പെടുത്തൽ. | പുസ്തക പരിചയം<br>വായനാക്കുറിപ്പ് തയ്യാറാക്കൽ<br>വായനാമത്സരം<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| 3) വായനാമൂല<br>→ കുട്ടികളിലെ വായനാശേഷി പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറി ഒരുക്കൽ<br>ക്ലാസ് വായനാക്കൂട്ടം<br>വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ<br>പത്രവായന | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>CPTA | |

| | | | | |
|---|---|---|---|---|
| 4) എഴുത്തിലൂടെ മുന്നോട്ട്<br>→ കുട്ടികളിൽ എഴുത്ത് പരിപോഷിപ്പിക്കൽ.<br>→ സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കൽ | → സർഗാത്മക വായന എഴുത്ത്<br>→ സർഗാത്മക രചനകൾ (കഥ, കവിത)<br>പ്രദർശനം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>CPTA | |
| 5) മാഗസിൻ നിർമ്മാണം<br>→ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കൽ | കുട്ടികളുടെ സർഗാത്മക രചനകൾ ചേർത്തുകൊണ്ട് മാഗസിൻ തയ്യാറാക്കൽ (കഥ, കവിത, ലേഖനം, അനുഭവക്കുറിപ്പ്...) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| 6) നാടൻ രുചി<br>→ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ<br>→ മറന്നുപോകുന്ന ഭക്ഷണ ശീലങ്ങൾ തിരിച്ചറിയൽ. | ഭക്ഷ്യമേളകൾ<br>പാചകക്കുറിപ്പ് തയ്യാറാക്കൽ<br>ക്ലാസിലെ ചർച്ച. | ആവശ്യാനുസരണം | HM<br>SRG<br>ക്ലാസ് ടീച്ചർ<br>PTA | |
| 7) കലകളുടെ നാട്ടിൽ<br>→ പ്രാദേശികമായി വരുന്ന കലാരൂപങ്ങൾ തിരിച്ചറിയൽ. | → കലാപഠനം<br>→ പ്രാദേശിക കലാകാരന്മാരുമായി അഭിമുഖം<br>→ പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG<br>CPTA<br>Class teacher | |

| | | | | |
|---|---|---|---|---|
| 8) കണ്ടതും കേട്ടതും<br>ICT സഹായ പ്രയോജനപ്പെടുത്തി അറിവുനേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോ, ചിത്രങ്ങൾ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| 9) സർഗ്ഗോത്സവം<br>പാഠഭാഗവുമായി ബന്ധപ്പെട്ട നാടൻ കലകളുടെ അവതരണം | നാടകം<br>സ്കിറ്റ്<br>നൃത്തവിഷ്കാരം<br>കവിതാലാപനം<br>കഥ പറയൽ etc..<br>എന്നീ കലകളുടെ പൊതുവിട അവതരണം. | വർഷത്തിൽ രണ്ടുതവണ. | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | |
| | | | | |

വിഷയം : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) പ്രകൃതി നടത്തം<br>പരിസ്ഥിതിയെ അടുത്തറിയാനും സംരക്ഷിക്കാനുമുള്ള മനോഭാവം രൂപപ്പെടുന്നു. | → പ്രാദേശികമായി [illegible] ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ.<br>→ വിദ്യാലയ പരിസരങ്ങൾ യാത്ര.<br>→ അനുഭവങ്ങൾ പങ്കുവയ്ക്കൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| 2) ശാസ്ത്രമേള<br>→ ശാസ്ത്രപഠന താൽപര്യം വളർത്തൽ.<br>→ ശാസ്ത്രപഠനം രസകരവും ആസ്വാദ്യകരവുമാക്കൽ | → ശാസ്ത്രപഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>→ ശാസ്ത്രമേള നടത്തൽ.<br>→ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| 3) ശാസ്ത്ര ജാലകം<br>→ കുട്ടികളിൽ ശാസ്ത്രാവബോധം സൃഷ്ടിക്കൽ | → ശാസ്ത്രദിനാചരണം സംഘടിപ്പിക്കൽ.<br>→ ശാസ്ത്ര ക്വിസ്<br>→ ശാസ്ത്ര പ്രദർശനം<br>→ പതിപ്പ് തയ്യാറാക്കൽ. | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| 4) ശാസ്ത്ര മാഗസിൻ<br>→ ശാസ്ത്രപഠന താൽപര്യം വളർത്തൽ<br>→ ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകൾ ആശയങ്ങൾ പ്രദർശനം<br>കുട്ടികളുടെ വ്യക്തിഗത രചനകൾ. | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA |
| 5) ശാസ്ത്രോത്സവം<br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം / പ്രദർശനം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണങ്ങൾ, ലഘു പരീക്ഷണങ്ങൾ എന്നിവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ്ടീച്ചർ. | |
| 6) ശാസ്ത്രയാത്ര<br>→ ശാസ്ത്രപഠന താൽപര്യം വളർത്തൽ<br>→ അന്വേഷണത്വര വളർത്തൽ | വനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ടെക്നോളജി അക്കാദമി, Zoo ഇവ സന്ദർശിക്കൽ. | ആവശ്യാനുസരണം | SRG<br>ക്ലാസ്ടീച്ചർ | PTA |
| 7) ചുവർ പത്രിക<br>ശാസ്ത്രപഠനം രസകരവും ആകർഷകവുമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വാർത്തകൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | CPTA<br>ക്ലാസ്ടീച്ചർ | |

## Subject : English

| Objectives | Activities | Duration | Charge(duty) | Fund |
|---|---|---|---|---|
| 1) English Assembli<br>To read and speak english without any mistake. | Conduct english assembli once in a week. | Throughout the year | Class teacher. | |
| 2) English Diary<br>To write english without anymistakes. | Students write their diary twice in a week. | Throughout the year | Class teacher<br>Parents | |
| 3) English Corner<br>To develop the reading and writting skill. | → Collects simple books, magazines etc..<br>→ News reading<br>→ Book review<br>→ Reading Competition. | Throughout the year | Class teacher. | |
| 4) Funny English<br>To develop listening, speaking, reading and | → Games, Action Songs and Hello english Activities | Througout the year | Class teacher. | |

| | | | | |
|---|---|---|---|---|
| writting skill. | → Conversation, skit, stories<br>→ Use ICT. | | | |
| 5) English Fest / Teater<br>→ To improve the presentation skill.<br>→ To develop confidence to use English. | → Skit<br>→ Drama<br>→ Action Song<br>→ Story telling. | One in a term | SRG<br>class teacher<br>CPTA | PTA |
| 6) English Magazine<br>To develop the reading, writting skill | Prepare magazine include ~~the~~ simple stories and poem<br>→ pictures, poster, Riddles and puzzles. | As required | CPTA<br>class teacher. | PTA |
| | | | | |

വിഷയം : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 1) കളിക്കാം പഠിക്കാം<br>കളികളിലൂടെ ഗണിതപഠനം രസകരവും ആസ്വാദ്യകരവുമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ. | അധ്യാപികയുടെ നേതൃത്വത്തിൽ കുട്ടികളെ വിവിധതരം കളികളിൽ ഏർപ്പെടുത്തുന്നു. (ഏണിയും പാമ്പും, ഡൈസ് കളി, കച്ചവടക്കളി, മണിക്കളി) | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ | |
| 2) ഗണിതലാബ് ഒരുക്കൽ<br>ഗണിതപഠനപ്രവർത്തനം സുഗമമാക്കൽ. | → ക്ലാസിൽ ഗണിതലാബ് ഒരുക്കുന്നു. (ഗ്രൂപ്പ് വ്യക്തിഗത ഒരുക്കം)<br>→ പ്രദർശനം | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ്ടീച്ചർ | PTA |
| 3) ഗണിതം ഒറിഗാമിയിലൂടെ<br>ഗണിതപഠനം രസകരമാക്കൽ ചലനശേഷി വികാസം | അധ്യാപികയുടെ നേതൃത്വത്തിൽ വ്യത്യസ്തമായ ഒറിഗാമി രൂപങ്ങൾ തയ്യാറാക്കൽ (കുട്ടികളും, രക്ഷിതാക്കളും<br>→ പ്രദർശനം | വർഷത്തിൽ രണ്ടുതവണ | ക്ലാസ്ടീച്ചർ | PTA |
| 4) ഗണിതമേള<br>ഗണിതശേഷികളുടെ പ്രകടനം | → പസിൽ<br>→ പാറ്റേൺ<br>→ കളികൾ<br>→ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG<br>ക്ലാസ്ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| 5) ഗണിത പഠനോപകരണ നിർമാണ ശില്പശാല<br>വിവിധ പഠനോപകരണങ്ങളിലൂടെ ഗണിതപഠനം ലളിതമാക്കൽ. | പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ പഠനോപകരണങ്ങളുടെ നിർമാണവും പ്രദർശനവും.<br>(കുട്ടികൾ / രക്ഷിതാക്കൾ) | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| 6) പഠനോത്സവം<br>വർഷമുടനീളം ആർജിച്ച ശേഷികളുടെ പൊതുവേദിയിൽ പ്രദർശനം. | → ഗണിത ക്വിസ്<br>→ കുട്ടികളുടെ ഉല്പന്നങ്ങളുടെ പ്രദർശനം<br>→ തത്സമയ അവതരണം<br>(പസിൽ, ഗെയിം etc..) | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| | | | | |